# തീക്കോയി ഗ്രാമപഞ്ചായത്ത്

( ഐ എസ് ഒ 9001– 2015 സ്ഥാപനം )



# തീക്കോയി
# ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2026 – 27

# ബജറ്റ് ആമുഖം

ബഹുമാന്യരേ,

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളാണ് ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിന് ഉതകുന്ന ബജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. സംസ്ഥാന ബജറ്റ് വിഹിതവും കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫിനാൻസ് കമ്മീഷൻ ഗ്രാന്റും മെയിന്റനൻസ് ഗ്രാന്റുകളും സർക്കാർ നിബന്ധനകൾക്ക് ഉള്ളിൽ നിന്ന് തന്നെ ചെലവഴിക്കേണ്ടതുണ്ട്. എന്നിരിക്കിലും ഇവയുടെ യുക്തവും ഫലപ്രദവുമായ വിനിയോഗത്തിന് വഴിയൊരുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ പൂർത്തീകരണമായി ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നു.

തനത് ഫണ്ട് വരുമാനം സാധ്യമായ വഴികളിലൂടെ വർദ്ധിപ്പിച്ച് കൂടുതൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക എന്നത് ഈ ബജറ്റ് മുന്നോട്ടു വയ്ക്കുന്ന ആശയമാണ്. കെട്ടിട നികുതിയിലും ലൈസൻസ് ഫീസ് ഇനത്തിലും പ്രൊഫഷൻ ടാക്സ് ഇനത്തിലും വാടക, ലേലം എന്നിവയിലും നൂറ് ശതമാനം കളക്ഷൻ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബജറ്റ് നിഷ്കർഷിക്കുന്നു.

അടിസ്ഥാനപരമായി കാർഷിക മേഖലയെ ആശ്രയിക്കുന്ന തീക്കോയി ഗ്രാമപഞ്ചായത്ത് അതിന്റെ വികസന ലക്ഷ്യങ്ങളിൽ കൃഷി മേഖലയ്ക്ക് പ്രാഥമിക പരിഗണന നൽകുന്നതിന് പ്രതിജ്ഞാബദ്ധമാണ്. പദ്ധതി വരുമാനത്തിന്റെ ഗണ്യമായ വിഹിതം കാർഷിക മേഖലയ്ക്ക് സ്ഥിരമായി മാറ്റി വയ്ക്കുന്ന തീക്കോയി ഗ്രാമപഞ്ചായത്ത് ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്ക് ഒരു ചുവടുകൂടി മുന്നേറും എന്നതിന് ടി മേഖലയിലെ ഫണ്ട് വിനിയോഗം നേർസാക്ഷ്യം നൽകുന്നു. ക്ഷീരവികസന മേഖലയിലും മൃഗസംരക്ഷണ മേഖലയിലും, ടൂറിസം മേഖലയിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്ന രീതിയിലാണ് ബജറ്റ് വിഭാവനം ചെയ്തിരിക്കുന്നത്.

ഓഫീസ് പ്രവർത്തനങ്ങൾക്കും അനിവാര്യ ചുമതലകൾക്കും വേണ്ട ഫണ്ട് മാറ്റിവയ്ക്കുന്നതിനാടൊപ്പം മാറി വരുന്ന സാഹചര്യത്തിൽ ശുചിത്വത്തിന്റെയും കുടിവെള്ള ലഭ്യതയുടെയും മേഖലയിൽ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായി വരുന്ന പുതിയ ഉത്തരവാദിത്വങ്ങൾക്ക് ബജറ്റിൽ ഫണ്ട് വകയിരുത്തിയിരിക്കുന്നു. ജനങ്ങളുടെ ഒഴിവാക്കാനാവാത്ത ആവശ്യങ്ങളായ ഭവനം, ഭക്ഷണം, കുടിവെള്ളം, ആരോഗ്യം എന്നിവ ലഭ്യമാക്കുന്നത് അടിയന്തിര പ്രാധാന്യത്തോടെ പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നു.

വനിതാവികസനത്തിന്റെ മേഖലയിൽ ശ്രദ്ധേയമായ സേവനം കാഴ്ചവയ്ക്കുന്ന കുടുംബശ്രീ വിഭാഗവും അവർ ഏറ്റെടുത്തിട്ടുള്ള കുടുംബശ്രീ ഹോട്ടലും ഹരിത കർമ്മസേന പ്രവർത്തനവും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

ആസ്തികളുടെ പുനരുദ്ധാരണത്തിനും റോഡുകളുടെയും തെരുവ് വിളക്കുകളുടെയും മെയിന്റനൻസും ഏറ്റെടുക്കുവാൻ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ ഭാവി വാഗ്ദാനങ്ങളായ വിദ്യാർത്ഥികളുടെ സുരക്ഷയും പഠന സാഹചര്യങ്ങളും ഉയർന്ന നിലവാരത്തിലുള്ളതാക്കാൻ തുക വകയിരുത്തിയിരിക്കുന്നു. അങ്കണവാടി കുട്ടികൾ, അഗതികൾ, അതിദരിദ്രർ എന്നിവർക്ക് തണലേകുന്ന വിധത്തിലാണ് ഈ ബജറ്റ് വിഭാവനം ചെയ്തിട്ടുള്ളത്.

കർമ്മനിരതരായ ജനപ്രതിനിധികളുടെയും സ്ഥിരോത്സാഹികളായ ജീവനക്കാരുടെയും ചിട്ടയായ പ്രവർത്തനങ്ങളും സാമ്പത്തിക അച്ചടക്കവും കൊണ്ട് പുരോഗതിയുടെ പാതകൾ താണ്ടിക്കൊണ്ടിരിക്കുന്ന തീക്കോയി ഗ്രാമപഞ്ചായത്തിന്റെ ഭാവി ഭാസുരമാകുന്നതിന് ഈ ബജറ്റ് ഒരു നിദാനമാവട്ടെ. ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ചുവടു പിടിച്ച് ജനങ്ങളുടെ ഭാവിയും നാടിന്റെ ഉന്നതിയും ഉറപ്പുവരുത്തി മുന്നോട്ടുപോകുന്നതിനുള്ള ആശയങ്ങൾ ഈ ബജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസിക്കുന്നു.

തീക്കോയി,
28.02.2026.

അംബിക എം.എസ്.
(പ്രസിഡന്റ്, തീക്കോയി ഗ്രാമപഞ്ചായത്ത്)

# തീക്കോയി ഗ്രാമപഞ്ചായത്ത്
# ബജറ്റ് 2026 – 27

ബഹുമാന്യരേ,

ഈ ഭരണസമിതിയുടെ ആദ്യ ധനകാര്യ ബജറ്റ് അവതരണത്തിലേക്ക് കടക്കുകയാണ്. വിവിധ മേഖലകളുടെ സമഗ്രവികസനവും സാമൂഹ്യക്ഷേമവും സുരക്ഷിതത്വവും ലക്ഷ്യമിട്ടുകൊണ്ടുള്ള ബജറ്റാണ് 2026-27 സാമ്പത്തിക വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ളത്.

തീക്കോയി ഗ്രാമപഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് ഉതകുന്ന വിധത്തിലും സ്ത്രീകളുടെയും കുട്ടികളുടേയും വയോജനങ്ങളുടെയും ദുർബല വിഭാഗങ്ങളുടെയും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും ക്ഷേമത്തിനും, കാർഷിക മേഖലയുടെ വളർച്ചയ്ക്കും, ഭവന നിർമ്മാണത്തിനും, മാലിന്യ സംസ്ക്കരണത്തിനും, വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കും, ടൂറിസം, ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും, പകർച്ചവ്യാധി പ്രതിരോധങ്ങൾക്കും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും, ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾക്കും വിവിധ ക്ഷേമ പെൻഷനുകളും ഘടക സ്ഥാപനങ്ങളുടേയും അങ്കണവാടികളുടേയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ഒരേ പോലെ പ്രാധാന്യം നൽകികൊണ്ടുള്ള ബജറ്റാണ് അവതരിപ്പിക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ 2026-27 വർഷത്തെ വകയിരുത്തലുകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന് പൊതു ആവശ്യഫണ്ട് (ജി.പി.എഫ്) ഇനത്തിൽ 9289000/- (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി എൺപൊത്തൊൻപതിനായിരം) രൂപയും വികസന ഫണ്ട് പൊതുവിഭാഗത്തിൽ 17592000/- (ഒരു കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം) രൂപയും പ്രത്യേക ഘടക പദ്ധതിക്കായി 1419000/- (പതിനാല് ലക്ഷത്തി പത്തൊമ്പതിനായിരം) രൂപയും കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 6075000/- (അറുപത് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയും ചേർത്ത് ആകെ 34375000/- (മൂന്ന് കോടി നാൽപത്തി മൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപയാണ് പ്രതീക്ഷിത ഗ്രാന്റുകൾ.

മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ 14305000/- (ഒരു കോടി നാൽപത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപയും നോൺ റോഡ് ഇനത്തിൽ 3943000/- (മുപ്പത്തി ഒമ്പത് ലക്ഷത്തി നാൽപത്തി മൂവായിരം) രൂപയും ചേർത്ത് മെയിന്റനൻസ് ഗ്രാന്റായി 18248000/- (ഒരു കോടി എൺപത്തി രണ്ട് ലക്ഷത്തി നാൽപത്തി എണ്ണായിരം) രൂപ ഗ്രാമപഞ്ചായത്തിനായി വകയിരുത്തിയിട്ടുണ്ട്.

മേലിനങ്ങളിൽ മുഴുവൻ തുകയും വകയിരുത്തിയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

നടപ്പു വർഷം (2025-26 വർഷം) നികുതി പിരിവ് കുടിശ്ശികയടക്കം 100 ശതമാനമെന്ന ലക്ഷ്യം 2026 മാർച്ച് 31 നകം കൈവരിക്കുവാനുള്ള പരിശ്രമത്തിലാണ്. ബജറ്റ് വർഷത്തിലും 100 ശതമാനം നികുതി പിരിച്ചെടുക്കുന്നതും നികുതി - നികുതിയേതര വരുമാനങ്ങളുടെ ചോർച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

പഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന്, ഉത്പ്പാദന, സേവന, പശ്ചാത്തല മേഖലകൾക്ക് ആവശ്യമായ പ്രാധാന്യം നൽകുന്ന സമീപനമാണ് വിവിധ വിഷയമേഖലകൾക്ക് തുക വകയിരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ളത്. ദുർബല വിഭാഗങ്ങളുടെ സ്ത്രീകളുടെയും കുട്ടികളുടേയും ഭിന്നശേഷിക്കാരുടേയും വൃദ്ധരുടേയും എല്ലാ ക്ഷേമവും ദാരിദ്ര്യ ലഘൂകരണവും കുടിവെള്ള പ്രശ്നങ്ങളുടെ പരിഹാരവും ഭവന നിർമ്മാണത്തിനുള്ള അനിവാര്യതയും

പരിഗണിച്ച് സേവനമേഖലയ്ക്ക് ഈ വർഷവും കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. വിവിധ ക്ഷേമ പെൻഷനുകളും സ്ത്രീ സുരക്ഷാ പെൻഷനുകളും അനുവദിച്ച് വരുന്നതാണ്.

ഉത്പ്പാദന മേഖലയിൽ കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമീപനമാണ് ഈ ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. കർഷകർക്ക് ഈ മേഖലയിൽ ലാഭകരമായി തുടരുന്നതിനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഉതകുന്ന പദ്ധതികളാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്.

മൃഗസംരക്ഷണം, ക്ഷീരമേഖല എന്നിവയുടെ വളർച്ചയ്ക്കായി വിവിധ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട്. ഉത്പ്പാദന മേഖലയിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി 4222080/- (നാൽപത്തി രണ്ട് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എൺപത്) രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് സേവന മേഖലയിൽ വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, വനിതാശിശുവികസനം, ഭിന്നശേഷിക്കാരുടേയും, വൃദ്ധരുടേയും ക്ഷേമം, ദാരിദ്യ ലഘൂകരണം, ഭവനനിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ എന്നിവയ്ക്കെല്ലാം തുക വകയിരുത്തിയിട്ടുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആകെ 1617500/- (പതിനാറ് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്) രൂപ വകയിരുത്തിയിട്ടുണ്ട്.

ഭവനനിർമ്മാണ പുനരുദ്ധാരണ മേഖലയിൽ 3946000/- (മുപ്പത്തി ഒമ്പത് ലക്ഷത്തി നാൽപത്തി ആറായിരം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

വൃദ്ധർ, ഭിന്നശേഷിക്കാർ എന്നിവരുടെ ക്ഷേമത്തിന് വിവിധ പദ്ധതികളിലായി 1621160/- (പതിനാറ് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി ഒരുനൂറ്റി അറുപത്) രൂപയും വനിതാ ശിശു ക്ഷേമ പദ്ധതികൾക്കായി 1628000/- (പതിനാറ് ലക്ഷത്തി ഇരുപത്തി എണ്ണായിരം) അങ്കണവാടി പോഷകാഹാരം ഉൾപ്പെടെ മറ്റ് പദ്ധതികൾക്കുമായി 2660000/- (ഇരുപത്തി ആറ് ലക്ഷത്തി അറുപതിനായിരം) രൂപയും അതിദരിദ്രരുടെ പുനരധിവാസ അതിജീവന പദ്ധതികൾക്കായും ദാരിദ്ര ലഘൂകരണ പദ്ധതികൾക്കായി 28 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ പരിരക്ഷ പദ്ധതി, മരുന്നു വാങ്ങൽ, മറ്റ് ആരോഗ്യ പരിപാടികൾ എന്നിവയ്ക്കായി 27 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി. ഇത് കൂടാതെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കും ആരോഗ്യ മേഖലയിലെ മറ്റ് പരിപാടികൾക്കുമായി 16,50,000/- (പതിനാറ് ലക്ഷത്തി അൻപതിനായിരം) രൂപയും വകയിരുത്തിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 1419000/- (പതിനാല് ലക്ഷത്തി പത്തൊമ്പതിനായിരം) രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പഠനമുറി നിർമ്മാണം, ഭവനനിർമ്മാണം, വീട് പുനരുദ്ധാരണം തുടങ്ങിയ പ്രോജക്ടുകളിലായാണ് തുക വകയിരുത്തിയിട്ടുള്ളത്.

മനുഷ്യ ജീവിതത്തിന്റെ ഭൗതിക പുരോഗതിയുടെ ഉപോൽപ്പന്നമാണ് മാലിന്യങ്ങൾ. ജൈവ അജൈവ മാലിന്യങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ യ്ക്കും ഹാനികരമായതിനാൽ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ പ്രവർത്തനങ്ങൾക്കായി ഈ ബജറ്റ് 1617500/- (പതിനാറ് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്) രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ സേവനമേഖലയിൽ 54342908/- (അഞ്ച് കോടി നാൽപത്തി മൂന്ന് ലക്ഷത്തി നാൽപത്തിരണ്ടായിരത്തി തൊള്ളായിരത്തി എട്ട്) രൂപ വകയിരുത്തിയിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ റോഡുകളുടേയും കെട്ടിടങ്ങളുടേയും കലുങ്കുകളുടേയും നടപ്പാതകളുടേയും വികസനത്തിനായി ബജറ്റിൽ തുക നീക്കി വയ്ക്കുന്നു. റോഡുകൾ,

നടപ്പാതകൾ എന്നിവയുടെ ടാറിംഗ്, മെറ്റലിംഗ്, സൈഡ് കെട്ടൽ, റോഡുകൾ അഭിവൃദ്ധിപ്പെടുത്തൽ തുടങ്ങിയവയ്ക്കായി 14305000/- (ഒരു കോടി നാൽപത്തി മൂന്ന് ലക്ഷത്തി അയ്യായിരം) രൂപയാണ് ബജറ്റ് വർഷം ചെലവഴിക്കുന്നത്. ഘടക സ്ഥാപനങ്ങളുടെ ഉന്നമനത്തിനും ആസ്തി വികസനത്തിനുമായി 3943000/- (മുപ്പത്തി ഒമ്പത് ലക്ഷത്തി നാല്പത്തി മൂവായിരം) രൂപയും നോൺ റോഡ് ഫണ്ട് ഇനത്തിൽ ചെലവഴിക്കുന്നു.

തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നടപ്പാതപോലെയുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾക്കും ഈ ബജറ്റ് ലക്ഷ്യമിടുന്നു. പൊതു കെട്ടിടങ്ങളുടെയും തെരുവുവിളക്കുകളുടേയും മറ്റ് റോഡിതര ആസ്തികളുടേയും സംരക്ഷണത്തിനും നടത്തിപ്പിനുമായി തുക നീക്കി വെച്ചിട്ടുണ്ട്.

കാൻസർ രോഗികൾക്ക് സമാശ്വാസ പദ്ധതിയായി കാൻ കോട്ടയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 50,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളുടെ പരിമിധിക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ മേഖലകളേയും ഉൾക്കൊളളിച്ചുകൊണ്ടുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. മുൻബാക്കി 14017503/- (ഒരു കോടി നാല്പത് ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്) രൂപയും നികുതി നികുതിയേതര വരവുകളും സർക്കാർ ഗ്രാന്റുകളും മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വരവുകളും വായ്പയും പ്രാരംഭ ബാക്കിയും ഉൾപ്പെടെ ആകെ 134553500/- (പതിമൂന്ന കോടി നാല്പത്തി അഞ്ച് ലക്ഷത്തി അമ്പത്തി മൂവായിരത്തി അഞ്ഞൂറ്) രൂപ വരവും അനിവാര്യ ചുമതലകൾ, പദ്ധതി - പദ്ധതിയേതര ചെലവുകൾ ഉൾപ്പെടെ 8836400/- എട്ട് കോടി എൺപത്തി മൂന്ന് ലക്ഷത്തി അറുപത്തി നാലായിരം) രൂപ ചെലവും 17325084/- ഒരു കോടി എഴുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എൺപത്തിനാല്) രൂപയുടെ മിച്ചവും പ്രതീക്ഷിക്കുന്ന വാർഷിക ബജറ്റാണ് വിഭാവനം ചെയ്തിരിക്കുന്നത്.

വികസനോന്മുഖമായ ബജറ്റ് തയ്യാറാക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് സഹായിച്ച ഭരണസമിതിയിലുള്ള സഹപ്രവർത്തകരോടും നിർവ്വഹണ ഉദ്യോഗസ്ഥരടക്കമുള്ള ഉദ്യോഗസ്ഥവൃന്ദത്തോടും ഉള്ള നിസ്സീമമായ കടപ്പാട് രേഖപ്പെടുത്തിക്കൊണ്ട് ഈ ബജറ്റ് അനുബന്ധ സ്റ്റേറ്റ്മെന്റ് സഹിതം ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്വപ്ന വർഗ്ഗീസ്
വൈസ്പ്രസിഡന്റ് & ചെയർമാൻ
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

തീക്കോയി,
28/02/2026.


